## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **25-10-2021 - ൽ മറുപടിയ്ക്ക്**

## മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്ലസ് വൺ പ്രവേശനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഗ്രേഡോ മാർക്കോ ഇല്ലാതെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾക്ക് സംസ്ഥാനത്ത് പ്ലസ് വൺ-ന് ചേരാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മലയാളികൾ അടക്കമുള്ള ഇത്തരം കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (ബി) | നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റിൽ ഗ്രേഡോ മാർക്കോ ഇല്ലാത്തതിനാൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. അവർക്ക് കേരളത്തിൽ ഓപ്പൺ സ്കൂളിൽ ഉന്നത പഠനത്തിന് അപേക്ഷിക്കാവുന്നതാണ്. |
| (സി) | ഇത്തരം വിദ്യാർത്ഥികളുടെ പ്രശ്നം അവർ പഠിച്ച വിദ്യാഭ്യാസ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ബോർഡ് തല പരീക്ഷ നടക്കാത്ത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകൾ പ്രത്യേക മാനദണ്ഡം ഉണ്ടാക്കി വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ മാർക്ക് ഉൾപ്പെടുത്തി യാണ് നൽകിയത്. അതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് അവരുടെ സർട്ടിഫിക്കറ്റു കളിൽ മാർക്കോ, ഗ്രേഡോ ഉൾപ്പെടുത്തുവാൻ പ്രസ്തുത ബോർഡുകളെ സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ